**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ്-സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് പെൻഷൻ - അർഹതാമാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു -

---

**ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്**

സ.ഉ.(എം എസ് ) നം.93/2019/ധന. തീയതി, തിരുവനന്തപുരം, 21/02/2019

---

പരാമർശം :-06-07-2018 ലെ സ.ഉ(എം എസ്)നം. 241/2018/ധന നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

സംസ്ഥാനത്ത് നിലവിൽ 45.19 ലക്ഷത്തിലധികം പേർ സാമൂഹ്യ സുരക്ഷാ പെൻഷനും 6.50 ലക്ഷത്തിലധികം പേർ സർക്കാർ ധനസഹായമുപയോഗിച്ച് ക്ഷേമനിധി ബോർഡ് പെൻഷനും വാങ്ങി വരുന്നു. കൂടാതെ ചില ക്ഷേമനിധി ബോർഡുകൾ സ്വന്തം ഫണ്ടിൽ നിന്നും ലക്ഷക്കണക്കിനു പേർക്ക് പെൻഷൻ നൽകിവരുന്നുണ്ട്. അർഹരായ ഗുണഭോക്താക്കൾ മാത്രം സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് പെൻഷൻ വാങ്ങുന്നു എന്ന് ഉറപ്പാക്കുന്നതിനു വേണ്ടി അർഹതാ മാനദണ്ഡങ്ങളിൽ ചില ഭേദഗതികൾ വരുത്തി പരാമർശത്തിലെ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവായിരുന്നു. അത് പ്രകാരം ഇ പി എഫ് പെൻഷൻ ലഭിക്കുന്നവർക്ക് ( പുതിയ അപേക്ഷകർക്ക് ) സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ 600 രൂപ നിരക്കിൽ മാത്രമേ ലഭിക്കുകയുള്ളൂ എന്നും 1200 ചതുരശ്ര അടിയിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വീടുകളിൽ താമസിക്കുന്ന , പുതിയ അപേക്ഷകർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ അർഹതയില്ല എന്നും ഉത്തരവായിരുന്നു. പുതുതായി ഉൾപ്പെടുത്തിയ അർഹതാ മാനദണ്ഡങ്ങളിൽ ഇളവ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ധാരാളം നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങളിൽ ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. വീടിന്റെ തറ വിസ്തൃതി സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹതാ മാനദണ്ഡങ്ങളിൽ നിന്നും ഒഴിവാക്കുന്നു.

ii. പ്രതിമാസം 2000 രൂപ വരെ ഇ.പി. എഫ് പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്കു വിധേയമായി സാമൂഹ്യ സുരക്ഷാ പെൻഷൻ/ ക്ഷേമനിധി ബോർഡ് പെൻഷൻ നിലവിലുള്ള പുതുക്കിയ നിരക്കിൽ ലഭിക്കാൻ അർഹത ഉണ്ടായിരിക്കും . എന്നാൽ പ്രതിമാസം 2000/- രൂപയ്ക്ക് മുകളിൽ ഇ. പി. എഫ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ/ക്ഷേമനിധി ബോർഡ്

പെൻഷൻ പ്രതിമാസം 600/- രൂപനിരക്കിൽ ലഭിക്കുന്നതിനു മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

3) ഇ. പി. എഫ് പെൻഷൻ പ്രതിമാസം 2000 രൂപ വരെ ലഭിക്കുന്നവരുടെ കാര്യത്തിൽ ഇ പി എഫ് പെൻഷൻ ലഭിക്കുന്ന ബാങ്ക് പാസ്സ് ബുക്കോ മറ്റ് ബന്ധപ്പെട്ട രേഖകളോ പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷമേ ഉയർന്ന നിരക്കിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ/ ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കപ്പെടുന്നുള്ളൂ എന്ന് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ/ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവുമാർ ഉറപ്പ് വരുത്തേണ്ടതാണ്. പ്രസ്തുത പാസ്സ് ബുക്കിന്റെ /ബന്ധപ്പെട്ട രേഖയുടെ പകർപ്പ് സേവന സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ്.

4) പരാമർശത്തിലെ സർക്കാർ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി**

**ജോയിന്റ് സെക്രട്ടറി ( ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം

ട്രഷറി ഡയറക്ടർ , തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, കേരള ഐ ടി മിഷൻ

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

എല്ലാ മുൻസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും ( നഗരകാര്യ ഡയറക്ടർ മുഖാന്തിരം)

എല്ലാ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും

തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് ( E File no 878985)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.